E 6194 (Pages : 2) Reg. No.....

Name.....

B.A. DEGREE (C.B.C.S.S.) EXAMINATION, OCTOBER 2013

Fifth Semester

B.A. Malayalam

Core Course—ഭാരതീയ സാഹിത്യ സിദ്ധാന്തങ്ങൾ

(For Model I and Model II B.A. Malayalam Programmes)

Time : Three Hours Maximum Weight : 25

എ വിഭാഗത്തിൽ നിന്നും **എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതണം. ബിയിൽ നിന്ന് **അഞ്ചും** സിയിൽ നിന്ന് **നാലും** ഡിയിൽ നിന്ന് **രണ്ടും** ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം. നാലു ചോദ്യം വീതമുള്ള നാലു ഖണ്ഡങ്ങളാണ് എ വിഭാഗത്തിലുള്ളത്.

എ വിഭാഗം

I. ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം എടുത്തെഴുതുക :

1 നൈതൽ തിണയുടെ സ്ഥലം ഏതാണ് ?

(കാട്ടുപ്രദേശം, കടൽത്തീരം, മണൽക്കാട്)

2 കവിത രചിക്കുവാൻ സമാധിയാണ് പരമാവശ്യം എന്നു കരുതിയ ആചാര്യൻ :

(ആനന്ദവർദ്ധനൻ, ശ്യാമദേവൻ, മല്ലീനാഥൻ)

3 നാട്യശാസ്ത്രം മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ആരാണ് ?

(എം.പി. ശങ്കുണ്ണിനായർ, കെ.പി. നാരായണ പിഷാരടി, എം.എച്ച്. ശാസ്ത്രി)

4 വീരരസത്തിന്റെ സ്ഥായിഭാവം എന്താണ് ?

(ഉത്സാഹം, ക്രോധം, രതി)

II. ഒറ്റവാക്കിൽ ഉത്തരമെഴുതുക :

5 സർവ്വഗുരുവായ ദ്രാവിഡവൃത്തം ഏതാണ് ?

6 കാവ്യാലങ്കാരത്തിന്റെ കർത്താവ് ആരാണ് ?

7 ഇന്ദ്രവജ്റയും ഉപേന്ദ്രവജ്റയും ഇട കലർന്നു വരുന്ന വൃത്തം ഏത് ?

8 മരുതം തിണയുടെ ദേവൻ ആരാണ് ?

III. ചേരുംപടി ചേർക്കുക :

9	മുല്ലൈ	—	എരുമ.
10	കുറിഞ്ചി	—	മാൻ.
11	പാലൈ	—	ആന.
12	മരുതം	—	പുലി.

Turn over

IV. പൂരിപ്പിക്കുക :

13 ———— എന്നത് മോക്ഷത്തിന് പ്രയോജനം നല്കുന്ന രസമാണ്.

14 അദ്ഭുത രസത്തിറെ സ്ഥായിഭാവം ———— ആണ്.

15 വഞ്ചിപ്പാട്ടു വൃത്തത്തിന്റെ വൃത്ത മഞ്ജരിയിലെ പേര് ———— എന്നാണ്.

16 ഭവിഷ്യദ് ദർശകമോ ദീർഘദർശകമോ ആയ ബുദ്ധിയുടെ പേരാണ് ————.

(4 × 1 = 4)

ബി വിഭാഗം

ഓരോന്നും അമ്പതു വാക്കിൽ കവിയാതെ **അഞ്ചെണ്ണത്തിനു** കുറിപ്പെഴുതുക.

17 വ്യുല്പത്തി.

18 ഉപമ—ഉത്പ്രേക്ഷ ഇവയുടെ സാമ്യവ്യത്യാസങ്ങൾ.

19 കേകാവൃത്തം.

20 വീരരസം.

21 സ്ഥായിഭാവം.

22 കൈക്കിളെ.

23 അഭിധ.

24 വിഭാവം.

(5 × 1 = 5)

സി വിഭാഗം

ഓരോന്നും നൂറു വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിന് കുറിപ്പെഴുതുക.

25 രസനിഷ്പത്തിയെക്കുറിച്ചുള്ള ഭരതന്റെ നിരീക്ഷണങ്ങൾ സംക്ഷേപിച്ചെഴുതുക.

26 പ്രതിഭയെക്കുറിച്ചുള്ള ആനന്ദവർദ്ധനന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

27 യുക്തിബോധവും സൗന്ദര്യബോധവും തമ്മിലുള്ള ബന്ധത്തെ കുട്ടികൃഷ്ണമാരാർ എപ്രകാരമാണ് വിലയിരുത്തുന്നത് ?

28 അകത്തിണയുടെ സ്വഭാവത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുക.

29 'യമകം' ശബ്ദാലങ്കാരത്തിന്റെ എന്തെല്ലാം സ്വഭാവങ്ങൾ വ്യക്തമാക്കുന്നു ?

30 ശൃംഗാരരസത്തിന്റെ സ്വഭാവം വിശദീകരിച്ച് വകഭേദങ്ങളെ പരിചയപ്പെടുത്തുക.

(4 × 2 = 8)

ഡി വിഭാഗം

ഓരോന്നും നാനൂറ് വാക്കിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

31 രസധ്വനിയാണ് കാവ്യാത്മാവെന്ന് ആനന്ദവർദ്ധനൻ സ്ഥാപിക്കുന്നത് എങ്ങനെ ?

32 കാകളി, അന്നനട, നതോന്നത, മഞ്ജരി എന്നീ ദ്രാവിഡവൃത്തങ്ങളെ ലക്ഷ്യലക്ഷണ സമന്വയം ചെയ്ത്, അവയുടെ സവിശേഷതകൾ വ്യക്തമാക്കുക.

33 ഐന്തിണകളുടെ മുതൽപ്പൊരുൾ, കരുപ്പൊരുൾ, ഉരിപ്പൊരുൾ എന്നിവ വിശദീകരിക്കുക.

(2 × 4 = 8)